## അവശ്യ മരുന്നുകളുടെ ദൗർലഭ്യം

**20 (685)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകൾ പലപ്പോഴും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള അവശ്യമരുന്നുകൾ ആവശ്യാനുസരണം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഭക്ഷണ പാനീയങ്ങളിൽ കീടനാശിനി

**21 (686)** ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻനിര കുത്തക കമ്പനികൾ വിൽപ്പന നടത്തുന്ന ഭക്ഷണ പാനീയങ്ങളിൽ കീടനാശിനി മുതൽ ആന്റി ബയോട്ടിക്കുകൾവരെ ഹാനികരമായ തോതിൽ അടങ്ങിയിട്ടുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഏതെങ്കിലും ഭക്ഷ്യവിഭവം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(സി) ഇത്തരം ഭക്ഷ്യവിഭവങ്ങൾ കാലാകാലങ്ങളിൽ പരിശോധനാവിധേയമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ വകുപ്പ് മുൻവർഷങ്ങളിൽ നടത്തിയിട്ടുള്ള പരിശോധനകളിൽ ഇത്തരം കീടനാശിനികളുടെയും ആന്റി ബയോട്ടിക്കുകളുടെയും സാന്നിദ്ധ്യം ഹാനികരമായ രീതിയിൽ കണ്ടെത്തിയിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly